**7413**

Register Number

# Language — MALAYALAM — Paper II

( Grammar, Composition and Non-detailed )

Time Allowed : $2\frac{1}{2}$ Hours ] [ Maximum Marks :100

I. നിർദ്ദേശമനുസരിച്ച് അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക : $5 \times 2 = 10$

1. പുഷ്പങ്ങൾ വിവിധ വർണ്ണങ്ങളിൽ ശോഭിക്കുന്നു.

   ( പ്രയോഗം മാറ്റുക )

2. ഞാൻ പുസ്തകം കൊടുത്തു.

   ( ഭാവി കാലം എഴുതുക )

3. വെള്ളത്തിൽ മത്സ്യങ്ങൾ തുള്ളി കളിക്കുന്നു.

   ( വെള്ളത്തിൽ എന്ന പദം ഏത് വിഭക്തിയിൽപെടുന്നു )

4. വിദ്യാർത്ഥികൾ നല്ലവണ്ണം പഠിക്കണം. നല്ല മാർക്കെടുക്കാൻ സാധിക്കും.

   ( ഒറ്റ വാക്യമാക്കുക )

5. ഗാന്ധിജി പറഞ്ഞു സത്യമാണ് ദൈവം ദൈവമാണ് സത്യം

   ( ഉചിതമായ ചിഹ്നങ്ങൾ ചേർത്തെഴുതുക )

6. വേതം, ആടംമ്പരം

   ( തെറ്റു തിരുത്തുക )

7. പണ്ഡിതൻ, പൂവൻ കോഴി.

   ( മറുലിംഗം എഴുതുക )

[ Turn over

II. അഞ്ചെണ്ണത്തിന് ഉദാഹരണസഹിതം ഉത്തരമെഴുതുക : 5

8. വിനയെച്ചം എന്നാലെന്ത് ?

9. സകർമ്മക ക്രിയ എന്നാലെന്ത് ?

10. സാമാന്യ നാമം എന്തെന്ന് ഉദാഹരണം നൽകി എഴുതുക.

11. സംയോജിക വിഭക്തിക്ക് രണ്ടുദാഹരണം എഴുതുക.

12. വ്യാക്ഷേപകം എന്തെന്ന് ഉദാഹരണം നൽകി എഴുതുക.

13. കേവലം എന്നാലെന്ത് ?

14. വചനം എന്നാലെന്ത് ?

III. a) പിരിച്ചെഴുതി സന്ധികാര്യം വിവരിക്കുക : 4

15. ചൂടില്ല

16. പൊളിയാണ്

17. മരത്തിൽ

18. കവിറത്തടം.

b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : 5 ×

19. പുഷ്പവൃഷ്ടി

20. ചതുർവേദം

21. മാതാപിതാക്കൾ

22. അനുനിമിഷം

23. പാദപത്മം.

IV. a) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : 2 ×

24. ഉപമ

25. രൂപകം

26. സസന്ദേഹം.

b) രണ്ടെണ്ണത്തിന് ലക്ഷണവും ഉദാഹരണവും എഴുതുക : 2 ×

27. മഞ്ജരി

28. ഇന്ദ്രവജ്ര

29. മന്ദാക്രാന്താ

V. ഏതെങ്കിലും ഒന്നിനെക്കുറിച്ച് അരപ്പുറത്തിൽ ഉത്തരമെഴുതുക : 1 × 5 = 5

30. ഒത്തു പിടിച്ചാൽ മലയും നീങ്ങും.

31. ഐകമത്യം മഹാബലം.

VI. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : 5 × 2 = 10

വീര മാമുനിവരുടെ ജീവിതത്തിൽ ഒരു പ്രധാന വ്യതിയാനം ഉണ്ടാക്കിയ ഒരു സംഭവം ഉണ്ട്. അക്കാലത്ത് തൃശ്ശിനാപ്പള്ളി ഭരിച്ചുകൊണ്ടിരുന്നത് ചന്ദാ സാഹിബ് എന്നൊരു രാജാവായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കുന്നതിന് ഒരു ക്ഷണം വീര മാമുനിവർക്കു ലഭിച്ചു. സാഹിബ്ബിന് പരിചയമുള്ള ഭാഷയിൽത്തന്നെ സംസാരിക്കണമെന്ന് ഇദ്ദേഹം നിശ്ചയിച്ചു. കേവലം മൂന്നു മാസം കൊണ്ട് ഹിന്ദുസ്ഥാനി, പാഴ്സി എന്നീ ഭാഷകളിൽ നല്ല വ്യുല്പത്തി നേടി. വീര മാമുനിവരുടെ പാണ്ഡിത്യവും സാമർത്ഥ്യവും ചന്ദാ സാഹിബ്ബിനെ ആശ്ചര്യ സ്തിമിതനാക്കി. അദ്ദേഹം ഇസ്മാത്തി സന്ന്യാസി എന്ന വിശിഷ്ട ബിരുദം കവിക്കു നൽകുകയും ചെയ്തു.

32. വീര മാമുനിവരുടെ കാലത്ത് തൃശ്ശിനാപ്പള്ളി ഭരിച്ചുകൊണ്ടിരുന്നത് ഏത് രാജാവാണ് ?

33. ഏതു ഭാഷകളിലാണ് വീര മാമുനിവർ വ്യുല്പത്തി നേടിയത് ? കാരണമെന്ത് ?

34. ചന്ദാ സാഹിബ്ബിനെ ആശ്ചര്യപ്പെടുത്തിയത് എന്താണ് ?

35. എന്തു വിശിഷ്ട ബിരുദമാണ് കവിക്ക് നൽകിയത് ?

36. എന്തു ക്ഷണമാണ് വീര മാമുനിവർക്ക് രാജാവിൽ നിന്നും ലഭിച്ചത് ?

VII. 37. അസുഖം ബാധിച്ചു കിടക്കുന്ന സുഹൃത്തിനെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. 1 × 10 = 10

*അല്ലെങ്കിൽ*

38. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു കവിയെക്കുറിച്ച് വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.

VIII. ഏതെങ്കിലും ഒരു കഥ രണ്ടുപുറത്തിൽ കവിയാതെ സംഗ്രഹിച്ചെഴുതുക : 1 × 15

39. അനായാസേന മരണം

40. ഇതുണ്ടായാൽ അതുണ്ടാകും

41. വ്യാകുല സങ്കേതം.

IX. ഒന്നിനെപ്പറ്റി ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 1 × 10

42. ഗ്രന്ഥശാല

43. വൃത്താന്ത പത്രങ്ങൾ

44. കായിക വിനോദങ്ങൾ.